**Deshabhimani**

**13 August 2018**

**Kochi,Flood, Relief Camp, Flood Victims**

# തളരി പറയുന്നു, ക്യാമ്പിൽ ഞങ്ങൾ വിഷമമറിഞ്ഞില്ല

**കൊച്ചി**

ഇക്കോവൻതെറ്റയിൽ തളരി എന്ന 104 വയസ്സുകാരിക്കൊപ്പമാണ് മകൻ അയ്യപ്പൻ എളന്തിക്കര ഗവ. എൽപിഎസിലെ ദുരിതാശ്വാസക്യാമ്പിലെത്തിയത്. ക്യാമ്പിൽ കഴിഞ്ഞ ഈ നാലുദിവസം അല്ലലറിഞ്ഞില്ലെന്ന് തളരി പറയുന്നു. വീട്ടിനുള്ളിൽ മുട്ടോളം വെള്ളമെത്തിയപ്പോഴാണ് ഇവർ ക്യാമ്പിലെത്തിയത്. മീൻപിടിത്തക്കാരനായ മകൻ അയ്യപ്പന്റെ വല വെള്ളപ്പൊക്കത്തിൽ ഒഴുകിപ്പോയി. അതാണ് ഇപ്പോൾ തളരിയെ തളർത്തുന്നത്. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും വാക്കുകളിലാണ് ഇനി തങ്ങളുടെ പ്രതീക്ഷയെന്ന് തളരിയും അയ്യപ്പനും പറയുന്നു.

പുത്തൻവേലിക്കര പഞ്ചായത്തിലെ എളന്തിക്കര കോഴിത്തുരുത്തിലെ 141 കുടുംബങ്ങളാണ് ഗവ. എൽപി സ്കൂളിലെ ക്യാമ്പിലുള്ളത്. 81 കുട്ടികളും 223 വനിതകളുമടക്കം 520 പേർ. നാലു ദിവസമായി ഇവർ ക്യാമ്പിലെത്തിയിട്ട്.



തളരി ദുരിതാശ്വാസ ക്യാമ്പിൽ

പുത്തൻവേലിക്കര പഞ്ചായത്തിലെ എട്ടാം വാർഡിലാണ് കോഴിത്തുരുത്ത്. ചാലക്കുടിയാറും പെരിയാറും സംഗമിക്കുന്ന കണക്കൻക്കടവിലാണ് കോഴിത്തുരുത്ത്. പുഴയാൽ ചുറ്റപ്പെട്ട കോഴിത്തുരുത്ത് വെള്ളം കയറിയാൽ ഒറ്റപ്പെടുന്ന അവസ്ഥയാണ്. ചെറിയൊരു പാലംമാത്രമാണ് ഇവർക്ക് പുറംലോകവുമായുള്ള ബന്ധം. 40 വർഷത്തോളം പഴക്കമുള്ള ഈ പാലം തകർന്ന് അപകടാവസ്ഥയിലാണ്. ഈ പാലം പുതുക്കിപ്പണിയണമെന്നാണ് കോഴിത്തുരുത്തുകാരുടെ പ്രധാന ആവശ്യം.

ഇവിടത്തെ ഭൂരിപക്ഷം പേരുടെയും ഉപജീവനമാർഗം മീൻപിടിത്തമാണ്. വാഴയും ചേനയും അടക്കം കൃഷിയുമുണ്ട്. വെള്ളം കയറി കൃഷി മുക്കാൽഭാഗവും നശിച്ചു.

വീടുകൾ അടച്ചിട്ട് ക്യാമ്പിൽ കഴിയുകയാണ് ഇവർ. വെള്ളം വീടുകളിൽനിന്ന് ഇറങ്ങിത്തുടങ്ങി. വീടുനിറയെ ചളിയും മറ്റുമാണ്. ചില വീടുകൾ ഭാഗികമായി നശിച്ചു. പലരുടെയും മീൻപിടിത്ത ഉപകരണങ്ങൾ നഷ്ടപ്പെട്ടു. ജീവിതമാർഗം നിലച്ച അവസ്ഥയിലാണ് ഭൂരിപക്ഷം മീൻപിടിത്തക്കാരും.